പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1308 — 10.08.2017-ൽ മറുപടിയ്ക്ക്

## ദേശീയ സമുദ്ര മത്സ്യബന്ധന നയം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഹൈബി ഈഡൻ<br>" വി.എസ്. ശിവകുമാർ<br>" അൻവർ സാദത്ത്<br>" സണ്ണി ജോസഫ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ദേശീയ സമുദ്ര മത്സ്യബന്ധന നയം സംസ്ഥാനത്തെ പരമ്പരാഗത മത്സ്യമേഖലയ്ക്ക് കനത്ത ആഘാതം ഏല്പിക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഈ നയത്തിലെ ഏതൊക്കെ വ്യവസ്ഥകളാണ് സംസ്ഥാനത്തിന് ദോഷകരമാണെന്ന് കണ്ടെത്തിയിട്ടുള്ളത് ; വിശദമാക്കാമോ ; | (ബി) യും (സി) യും | 28/04/2017- ലെ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ദേശീയ സമുദ്ര മത്സ്യബന്ധന നയത്തിൽ മത്സ്യബന്ധന മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്ന നിരവധി കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എൽ.ഒ.പി നിർത്തലാക്കുമെന്ന് പുതിയ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പി.പി.പി മോഡലിൽ സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപം പ്രോത്സാഹിപ്പിക്കുമെന്നും, അന്താരാഷ്ട്ര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള മത്സ്യബന്ധന യാനങ്ങൾ പ്രോത്സാഹിപ്പിക്കുമെന്നുള്ള നയത്തിലെ പ്രഖ്യാപനം മൾട്ടിനാഷണൽ കമ്പനികൾക്ക് മത്സ്യമേഖല തുറന്ന് കൊടുക്കുന്നതിന് തുല്യമായിരിക്കും എന്ന് മത്സ്യത്തൊഴിലാളി മേഖലയിൽ ആശങ്കയുണ്ട്. സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപവും വിദേശ സാങ്കേതിക വിദ്യയും വൻതോതിൽ കടന്ന് വന്നത് മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമാകുകയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യും എന്ന ആശങ്കയും നിലനിൽക്കുന്നു.<br><br>മത്സ്യമേഖലയ്ക്ക് ഗുണകരമായി ഭവിക്കുമായിരുന്നതും, സംസ്ഥാന സർക്കാർ ചൂണ്ടിക്കാണിച്ചതുമായ പല കാര്യങ്ങളും കേന്ദ്രസർക്കാർ പരിഗണിച്ചിട്ടില്ല. സംസ്ഥാനങ്ങളുടെ തീരക്കടൽ അധികാരപരിധി |
| (സി) | കേന്ദ്രസർക്കാർ ഈ നയത്തിന്റെ നക്കൽ പ്രസിദ്ധീകരിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം തേടിയിരുന്നോ; എങ്കിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്നാണ് സംസ്ഥാന സർക്കാർ കേന്ദ്രത്തെ അറിയിച്ചത്; അതിന്മേലുള്ള കേന്ദ്ര പ്രതികരണം എന്തായിരുന്നു ; | | |

| | | | |
|---|---|---|---|
| | | | നിലവിലെ 12 നോട്ടിക്കൽ മൈൽ എന്നത് 36 നോട്ടിക്കൽ മൈൽ എന്ന് പുനർക്രമീകരിക്കണ മെന്നതും, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കത്തക്കവിധം നയ രൂപീകരണം വേണമെന്നതും, മത്സ്യമേഖലയ്ക്ക് മാത്രമായി കേന്ദ്രസർക്കാരിന് കീഴിൽ ഒരു മന്ത്രാലയം വേണ മെന്നുള്ള ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യങ്ങൾ പോലും പുതിയ ദേശീയ മത്സ്യനയ ത്തിൽ ഉൾപ്പെട്ടിട്ടില്ല.<br><br>ചെറുമത്സ്യങ്ങളെ പിടിച്ച് (ജുവനൈൽ ഫിഷിംഗ്) വളത്തിനായും മറ്റും വിൽപന നടത്തുന്നത് കേരള സംസ്ഥാനത്ത് MLS (Minimum Legal Size) നിശ്ചയിച്ച് നിയന്ത്രിച്ചു വരുന്നു. എന്നാൽ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാകും വിധം ദേശിയ തലത്തിൽ തീരുമാനമുണ്ടായാലേ ഇത്തരം അശാസ്ത്രീയ മത്സ്യബന്ധനം പൂർണ്ണമായി നിയന്ത്രിക്കാൻ കഴിയുകയുള്ളൂ. അക്കാര്യവും പുതിയ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടില്ല.<br><br>കരട് പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ വിവരിച്ച മുഴുവൻ വസ്തുതകളും ഉൾപ്പെടുത്തി നിവേദനം നൽകിയിരുന്നു. എന്നാൽ അതൊന്നും പരിഗണിക്കപ്പെട്ടിട്ടില്ല. |
| (ഡി) | പരമ്പരാഗത മത്സ്യമേഖലയ്ക്ക് ദോഷകരമായ നിബന്ധനകൾ നീക്കുവാൻ കേന്ദ്രവുമായി ഇതിനകം ചർച്ചകൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി കൈക്കൊള്ളുമോ ? | (ഡി) | മത്സ്യബന്ധന മേഖലയുടെയും, മത്സ്യത്തൊഴിലാളികളുടെയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഇതിനകം കേന്ദ്ര സർക്കാരിന് നിവേദനങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ